**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **30-08-2022 - ൽ മറുപടിയ്ക്ക്**

**പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സിന് പമ്പ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം പാട്ടരഹിതമായി കൈമാറുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസ് **ഫോർ വിഷ്വൽ ആർട്സിന് കെട്ടിട നിർമ്മാണത്തിനായി ഭൂമികൈമാറുന്നതിനുള്ള പ്രൊപ്പോസലിൽ** മാവേലിക്കര വില്ലേജ് ബ്ലോക്ക് 83 റീസർവ്വേ 8/2 ൽപ്പെടുന്ന 26.71 ആർ വസ്തു കമ്പോളവിലയുടെ 2% നിരക്കായ 182503/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടം അനുവദിക്കുന്നതിനാണ് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തത്. പമ്പാ ജലസേചന പദ്ധതി വകയായ 66 സെന്റ് ഭൂമി ഈ ആവശ്യത്തിനായി കൈമാറുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.<br><br>രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻ**സിന് കെട്ടിട നിർമ്മാണത്തിനായി കമ്പോളവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ 15 വർഷത്തേക്ക് വ്യവസ്ഥകളോടെ പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ദൃശ്യകലാ വിദ്യാഭ്യാസത്തിന്റെ ഉത്തമ താല്പര്യം മുൻ നിർത്തി രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് പാട്ടത്തുക സൗജന്യമാക്കി പാട്ടം അനുവദിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. പാട്ടത്തുക സൗജന്യമാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത സ്ഥാപനം സ്വയംഭരണ സ്ഥാപനമാണോ അതോ സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണോ എന്നതിൽ വ്യക്തത വരുത്തുവാനും ഇതു സംബന്ധിച്ച രേഖകൾ സമർപ്പിക്കാനും ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഇതു സംബന്ധിച്ച ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിരിക്കുകയാണ്.** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥലം കോളേജിന് കൈമാറുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പാട്ടരഹിതമായി ഭൂമി അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ